# <u>പന്തപ്ലാക്കൽ കുടുംബയോഗം</u>

## <u>ഭരണഘടന</u>

14.10.2002 ന് പേരാവൂരിൽ പന്തപ്ലാക്കൽ ശ്രീ പി.റ്റി ജോസഫിന്റെ വീട്ടിൽ നടന്ന പന്തപ്ലാക്കൽ കുടുംബയോഗത്തിന്റെ ഒന്നാം സമ്മേളനം അംഗീകരിച്ച് പാസ്സാക്കിയ - ഭരണഘടന.

1. ചിരപുരാതനവും വിവിധ സ്ഥലങ്ങളിൽ വ്യാപിച്ചു കിടക്കുന്നതുമായ പന്തപ്ലാക്കൽ കുടുംബാഗങ്ങളുടെ കൂട്ടായ്മയാണ് ഈ കുടുംബയോഗത്തിന്റെ ലക്ഷ്യം.
2. ജനനം കൊണ്ടും രക്തബന്ധം കൊണ്ടും പന്തപ്ലാക്കൽ കുടുംബത്തിൽ ജനിച്ച, ഓരോരുത്തർക്കും സ്ത്രീ-പുരുഷവ്യത്യാസം കൂടാതെ അവർ ഏതുരാജ്യത്താണെങ്കിലും ഈ കുടുംബയോഗത്തിൽ അംഗത്വത്തിന് അർഹതയുണ്ട്. വിവാഹ ബന്ധംകൊണ്ട് എത്തിച്ചേർന്നവർക്കും അംഗത്വത്തിന് അർഹതയുണ്ട്.
3. 14.10.2002 മുതൽ ഒന്നാമത്തെ കുടുംബയോഗത്തിൽ അംഗീകാരം നേടിയതു മുതൽ ഈ ഭരണഘടന പ്രാബല്യത്തിൽ വന്നു.
4. ഒന്നാമത്തെ ജനറൽ ബോഡി പുതിയ ഭരണ സമിതിയെ തെരഞ്ഞെടുത്തതു മുതൽ നിലവിലുള്ള താൽക്കാലിക എക്സിക്യൂട്ടീവ് കമ്മറ്റി ഇല്ലാതാകുന്നതാണ്.
5. <u>**തെരഞ്ഞെടുപ്പ്:**</u>-

- കുടുംബത്തിന്റെ രക്ഷാധികാരി ഫാ. തോമസ് പന്തപ്ലാക്കൽ, സി.എം.ഐ ആയിരിക്കും.
- രക്ഷാധികാരി ആയിരിക്കും തെരഞ്ഞെടുപ്പിന്റെ റിട്ടേണിങ് ഓഫീസർ.
- എക്സിക്യൂട്ടീവ് കമ്മറ്റിയുടെ കാലാവധി മൂന്നു വർഷമാണ്.
- തെരഞ്ഞെടുപ്പ് സാധാരണഗതിയിൽ ജനറൽ ബോഡിയിൽ പരസ്യമായിട്ട് - നാമനിർദ്ദേശക രൂപത്തിലായിരിക്കും.
- ഒരു സ്ഥാനത്തിന് ഒന്നിലധികം പേർവന്നാൽ ഭൂരിപക്ഷാഭിപ്രായം നടപ്പിലാക്കുന്നതാണ്.
- കുടുംബയോഗത്തിന്റെ പരമാധികാരി പ്രസിഡന്റാണ്. വാർഷിക യോഗങ്ങളുടെ അദ്ധ്യക്ഷൻ പ്രസിഡന്റാണ്. പ്രസിഡന്റ് കുടുംബയോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങളിൽ കാര്യനിർവ്വഹണശേഷിയുള്ള പ്രായം കൂടിയ വ്യക്തിയായിരിക്കും.
- ജനറൽബോഡിയോഗതീരുമാനങ്ങൾ നടപ്പിലാക്കേണ്ടതിന്റെയും റിക്കാർഡുകൾ യതാവിധി സൂക്ഷിക്കേണ്ടതിന്റെയും ഉത്തരവാദിത്വങ്ങൾ ഭരണസമിതി തെരഞ്ഞെടുക്കുന്ന സെക്രട്ടറിക്കായിരിക്കും.
- വിവിധ പ്രദേശങ്ങൾക്ക് പ്രാതിനിത്യം നൽകികൊണ്ട് ജനറൽബോഡി തെരഞ്ഞെടുക്കുന്ന പ്രസിഡന്റ് ഉൾപ്പെടെയുള്ള പതിനൊന്ന് പേരായിരിക്കും

എക്സിക്യൂട്ടീവ് കമ്മറ്റി അഥവാ ഭരണസമിതി. ഈ ഭരണസമിതിയിൽ നിന്നാണ് സെക്രട്ടറി, ജോ.സെക്രട്ടറി, വൈസ് പ്രസിഡന്റ്, ട്രഷറർ എന്നിവരെ തെരഞ്ഞെടുക്കുന്നത്. ഭരണസമിതിയിൽ താഴെപറയുന്ന വിധത്തിലായിരിക്കും പ്രദേശങ്ങളുടെ പ്രാധിനിത്യം- ആലക്കോട് -1, കുറ്റ്യാടി - 2, താമരശ്ശേരി - 2, തിരുവിതാംകൂർ - 2, പേരാവൂർ - 3, വനിത - 1.

6. വർഷത്തിൽ ഒരു പ്രാവശ്യം കുടുംബയോഗത്തിന്റെ ജനറൽ ബോഡി നടത്തേണ്ട താണ്.

7. ഓരോ വാർഷികയോഗത്തിലും അടുത്ത വർഷത്തെ യോഗത്തിന്റെ സ്ഥലവും തീയതിയും തീരുമാനിക്കേണ്ടതാണ്.

8. എക്സിക്യൂട്ടീവ് കമ്മറ്റി വർഷത്തിൽ ഏറ്റവും കുറഞ്ഞത് മൂന്നുപ്രാവശ്യമെങ്കിലും കൂടിയിരിക്കണം.

9. ഈ കുടുംബയോഗത്തിന്റെ അംഗത്വഫീസ് പ്രതിവർഷം കുടംബം ഒന്നിന് 250 രൂപയായിരിക്കും. പ്രസ്തുത ഫീസ് നൽകുവാൻ നിർവ്വാഹമില്ലാത്തവർക്ക് ഒഴിവു നൽകേണ്ടതാണ്. അവരിൽ നിന്നും ഇഷ്ടമുള്ള തുക സ്വീകരിക്കാവുന്നതാണ്. ഇങ്ങനെ ലഭിക്കുന്ന ഓരോ തുകയും സെക്രട്ടറി ഒപ്പിട്ട അച്ചടി രസീത് നൽകേണ്ട താണ്.

10. തന്നാണ്ടത്തെ വരവ് - ചിലവ് കണക്കുകൾജനറൽ ബോഡിയോഗത്തിൽ സെക്രട്ടറി വായിച്ച് അംഗീകാരം നേടേണ്ടതാണ്.

11. യോഗസംബന്ധമായ സാമ്പത്തിക ഇടപാടുകൾ പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും ജോയിന്റ് അക്കൗണ്ടിൽ ബാങ്കിൽ നിക്ഷേപിച്ച് പാസ്സ്ബുക്ക് സൂക്ഷിക്കേണ്ടതാണ്.

12. വാർഷിക കുടുംബയോഗത്തിൽ ഒരു കുടുംബത്തിൽ നിന്ന് ഒരാളെങ്കിലും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

13. താഴെപ്പറയുന്ന രജിസ്റ്ററുകൾ കുടുംബയോഗം സംബന്ധിച്ച്, സെക്രട്ടറി സൂക്ഷിച്ചു വയ്ക്കണം.

- മിനിട്സ് ബുക്ക്
- അംഗത്വ രജിസ്റ്റർ
- രസീത് ബുക്ക്
- വരവ് ചിലവ് രജിസ്റ്റർ
- ഭരണഘടന
- കത്തിടപാടുകളുടെ ഫയൽ

- ➢ വൗച്ചറുകളും ബില്ലുകളും

14.ഓരോ വർഷവും ജനറൽ ബോഡിയോഗത്തിന് ഒരു മാസം മുൻപ് യോഗസ്ഥലം, തീയതി, അജണ്ട എന്നിവ കാണിക്കുന്ന നോട്ടീസ് അംഗങ്ങൾക്ക് അയച്ചു കൊടുക്കേണ്ടതാണ്.

15.വിവാഹബന്ധംകൊണ്ട് അന്യവീടുകളിലേയ്ക്ക് പോയവർക്കും ഈ കുടുംബ ത്തിലെ അംഗത്വത്തിന് അർഹതയുണ്ടായിരിക്കും.

16. കുടുംബയോഗത്തിന്റെ ചിലവ് പൂർണ്ണമായും സ്വയം വഹിക്കുവാൻ തയ്യാറായി - സ്പോൺസർ ചെയ്ത്- ഏതെങ്കിലും കുടുംബാംഗങ്ങൾ സ്വദേശത്തുനിന്നോ വിദേശത്തുനിന്നോ മുന്നോട്ടുവന്നാൽ അവരെ അതിനനുവദിക്കാവുന്നതാണ്.

17. ഓരോ ജനറൽ ബോഡിയോഗത്തിലും താഴപറയുന്നവരെ ആദരിക്കേണ്ടതാണ്.

കുടുംബയോഗത്തിൽ പങ്കെടുക്കുന്ന

- ➢ ഏറ്റവും പ്രായം ചെന്ന പുരുഷൻ, സ്ത്രീ
- ➢ ഏറ്റവും പ്രായം കൂടിയ ദമ്പതികൾ
- ➢ ഏറ്റവും അവസാനം വിവാഹിതരായ ദമ്പതികൾ
- ➢ ഏറ്റവും അവസാനം ജനിച്ച കുട്ടി
- ➢ തനതു വർഷം എസ്.എസ്.എൽ.സി, പ്ലസ്ടു എന്നീ പരീക്ഷകളിൽ ഉന്നത വിജയം നേടിയ കുട്ടികൾ
- ➢ കലാ-സാഹിത്യ-കായിക-സാംസ്കാരികരംഗങ്ങളിൽ ജില്ലാ- സംസ്ഥാന-ദേ ശീയ തലങ്ങളിൽ ഉന്നതവിജയവും സ്ഥാനവും നേടിയിട്ടുള്ള കുട്ടികൾ.

18. രണ്ടാമത്തെ ജനറൽ ബോഡിയോഗത്തിനുമുമ്പായി കിട്ടാവുന്നിടത്തോളം കുടുംബങ്ങളുടെ അഡ്രസ്സും ഫോൺ നമ്പറുകളും ചേർത്ത ചെറിയ ബുക്ക് അച്ചടിച്ച് അഡ്രസ്സ് ബുക്ക് ഉണ്ടാക്കി എല്ലാ കുടുംബങ്ങളിലും എത്തിച്ചു കൊടുക്കേണ്ടതാണ്.

19. ജനറൽ ബോഡി യോഗത്തിൽ ആ വർഷം നമ്മുടെ കുടുംബത്തിൽ ആരെങ്കിലും മരണപ്പെട്ടു പോയിട്ടുണ്ടെങ്കിൽ അവരുടെ പേര് എടുത്ത് പറഞ്ഞ് മൗനപ്രാർത്ഥന നടത്തേണ്ടതാണ്.

20. ഈ ഭരണഘടനയിൽ കാലികമായ മാറ്റങ്ങളോ, കൂട്ടിച്ചേർക്കലുകളോ ആവശ്യമെന്നു കണ്ടാൽ ജനറൽ ബോഡിയിൽ പങ്കെടുക്കുന്ന അംഗങ്ങളുടെ ഭൂരിപക്ഷത്തോടെ അപ്രകാരം ചെയ്യാവുന്നതാണ്.